**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3395** **14-07-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ നൽകിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 കാലയളവിൽ സംസ്ഥാനത്തെ കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ എത്രകോടി രൂപ നൽകി എന്ന് അറിയിക്കുമോ; | (എ) | 2021-22 കാലയളവിൽ സംസ്ഥാനത്തെ കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഇനത്തിൽ 67.2930736 കോടി രൂപ സംസ്ഥാന വിഹിതവും 16.9062807 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മുഖേന 40.0495005 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 23.12852 ലക്ഷം രൂപ വിതരണം ചെയ്തു. കൂടാതെ കേന്ദ്ര വിള ഇൻഷുറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവ മുഖേന അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി 34.0678 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ കർഷകർക്ക് നഷ്ടപരിഹാര ഇനത്തിൽ ആകെ 158.54794 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഏതെല്ലാം ഫണ്ടുകളിൽ നിന്ന് എത്ര രൂപ വീതം നൽകി എന്ന് വിശദമാക്കുമോ? | (ബി) | വിവിധ പദ്ധതികളിലായി 2021-22 വർഷത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതിയുടെ പേര് | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി (പ്ലാൻ ഫണ്ട്, സംസ്ഥാന വിഹിതം) | 6729.30736 |
| 3 | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക (SDRF) | 1690.62807 |
| 3 | പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി (പ്ലാൻ ഫണ്ട്) | 3179.95005 |
| 4 | പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി (വിള ഇൻഷുറൻസ് ഫണ്ട്) | 825.00 |
| 5 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (2021-22 ൽ വിതരണം ചെയ്ത തുക) | 23.12852 |
| 6 | കേന്ദ്ര വിള ഇൻഷുറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവ മുഖേന അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി നൽകിയ നഷ്ടപരിഹാരം | 3406.78 |
| **ആകെ** | | **15854.794** |

**സെക്ഷൻ ഓഫീസർ**